ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ. എച്ച് 2/ 1087/ 2020/ മെ.വി.വ. തീയതി:04-06-2024

## പരിപത്രം

വിഷയം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ബയോ മെഡിക്കൽ എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള ഒഴിവ് ബൈ ട്രാൻഫർ മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന - 15.07.2023 ലെ G.O.(Ms) No.158/2023/H&FWD നമ്പർ ഉത്തരവ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബയോ മെഡിക്കൽ എഞ്ചിനീയർ ( ടെക്നിക്കൽ നോൺ ടീച്ചിങ്- 51400-110300 ) തസ്തികയിൽ നിലവിലുള്ള ഒഴിവ് , തസ്തിക മാറ്റം മുഖേന നികത്തുന്നതിനായി സൂചനയിലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന താഴെ പറയുന്ന യോഗ്യതയുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ Technical Assistant/ Scientific Assistant (Electrodiagnosis)/ Work shop Foreman/ Foreman/ The incumbents working with the grade of Technical Assistant/ Scientific Assistant (Electrodiagnosis) എന്നീ തസ്തികകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു
അപേക്ഷകർ നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ നിരീക്ഷണ സേവന കാലം പൂർത്തീകരിച്ചവർ ആയിരിക്കണം

**Qualification** - B.Tech/B.E in Bio Medical Engineering (from UGC/AICTErecognized Universities/National Institutes established by the CentralGovernment or institutions established by the Government of Kerala).
in their absence
2. B.Tech/B.E in Electronics and Communication/Electrical andElectronics/Electronics and Instrumentation/Applied Electronics.(from UGC/AICTE recognized Universities/National Institutesestablished by the Central Government or institutions established bythe Government of Kerala).

**Experience**: In addition to the above qualification, 2 years experienceinrepair/maintenance and procurement of Bio medical Equipments inMedical Colleges

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ് .

അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ് . അപേക്ഷകൾ 20.06.2024 നോ അതിനു മുൻപോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും അതാത് പ്രിൻസിപ്പൽമാർ അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 30.06.24 നോ അതിനു മുൻപോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്

വൈകി ലഭിക്കുന്നതും അപൂർണവുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല . അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കാൻ പാടുള്ളതല്ല

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയ ബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

Signed by
Thomas Mathew
Date: 04-06-2024 09:10:20

THOMAS MATHEW
DIRECTOR

പകർപ്പ് -

1.പ്രിൻസിപ്പാൾ ,ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം / ആലപ്പുഴ / കോട്ടയം/ തൃശ്ശൂർ/ ഇടുക്കി / കോന്നി/ മഞ്ചേരി/ കോഴിക്കോട്/ എറണാകുളം./ കാസർഗോഡ്/ മഞ്ചേരി / വയനാട് / കണ്ണൂർ

2 .പ്രിൻസിപ്പാൾ ,ഗവ. നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ / കോട്ടയം/ തൃശ്ശൂർ/ കോഴിക്കോട്/ എറണാകുളം
3.പ്രിൻസിപ്പാൾ ,ഗവ. ദന്തൽ കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ / കോട്ടയം/ തൃശ്ശൂർ/ കോഴിക്കോട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ബയോ മെഡിക്കൽ എഞ്ചിനീയർ , (ടെക്നിക്കൽ - നോൺ ടീച്ചിങ് )തസ്തികയിലെ നിലവിലുള്ള ഒഴിവ് 15.07.2023ലെ സ ഉ ( കൈ ) നം 158/2023/ ആ കു വ നമ്പർ ഉത്തരവ് പ്രകാരം തസ്തിക മാറ്റം മുഖേന നികത്തുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അപേക്ഷകന്റെ നിലവിലെ തസ്തിക | |
| 3 | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4 | യോഗ്യത - വിദ്യാഭ്യാസം | |
| 5 | ശമ്പളം -ശമ്പള നിരക്ക് | |
| 6 | സർക്കാർ സർവീസിൽ പ്രവേശിച്ച തീയതി | |
| 7 | ഇപ്പോൾ സേവനമനുഷ്ട്ടിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 8 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 9 | യോഗ്യമല്ലാത്ത കാലയളവ് | |
| 10 | നിരീക്ഷണ കാലം പൂർത്തീകരിച്ച തീയതി | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എൻറെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയും ആണെന്ന് ...................................................... ആയ ഞാൻ പ്രസ്താവിക്കുന്നു .മേൽ പറഞ്ഞ വിവരങ്ങൾ തെറ്റാണെന്നു തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ് .

ഒപ്പ്

സ്ഥലം

തീയതി

പേരും തസ്തികയും

സ്ഥാപനം

അപേക്ഷയിലെ ക്രമ നമ്പർ ഒന്നു മുതൽ പത്തു വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

സ്ഥലം

ഒപ്പ്

തീയതി

ഓഫീസ് മുദ്ര

മേലധികാരിയുടെ തസ്തിക

സ്ഥലം

പ്രിൻസിപ്പൽ

തീയതി

ഓഫീസ് മുദ്ര